എസ്. സി4/27442/17

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഭരണവിഭാഗം, തിരുവനന്തപുരം
തീയതി 23/01/2018

## നോട്ടീസ്

വിഷയം:- ജീവനക്കാര്യം - പൊ.മ.വ - മൂന്നാംഗ്രേഡ് ഓവർസിയർമാരെ 01/04/1990 മുതൽ 31/12/2007 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു - സംബന്ധിച്ച്

സൂചന:- 1. 07/11/2012 ലെ ഉത്തരവ് നമ്പർ എസ് സി4/18334/06
2. 20/11/2017 ലെ കത്ത് നമ്പർ എ1 - 339/86, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് ഉപവിഭാഗം, പുനലൂർ
3. 06/11/2017 ലെ കത്ത് നമ്പർ ഇ1 - 3198/17, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ബിൽഡിംഗ്സ് നോർത്ത് സർക്കിൾ, കോഴിക്കോട്

സൂചന 2,3 പ്രകാരം മൂന്നാംഗ്രേഡ് ഓവർസിയർമാരായ ശ്രീ.മനോജ്.ജി, ശ്രീ.രജീഷ്.എം.ആർ, എന്നിവർ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/04/1990 മുതൽ 31/12/2007 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അപേക്ഷിച്ചിട്ടുള്ളതും, ആയതിന്റെ സാധൂകരണത്തിനായി നിയമന ഉത്തരവ്, സേവനവിവരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടുള്ളതുമാകുന്നു.

ടി ഓവർസിയർമാരുടെ സേവനവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ജനനതീയതി | വിദ്യാഭ്യാസ യോഗ്യത | പി.എസ്.സി അഡ്വൈസ്/നിയമന ഉത്തരവ് | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|
| മനോജ്.ജി | 10/05/1970 | SSLC, ITI, D'man Civil | RIA(3)-25525/01/GW Dt.29/04/2004 | 16/08/2004 |
| രജീഷ്.എം.ആർ | 10/05/1975 | SSLC, PDC, ITI, Diploma in Civil Engineering | EB5-8336/06 dt. 30/08/2006 | 04/10/2006 |

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ (01/04/1990 മുതൽ 31/12/2007) അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ **ശ്രീ.മനോജ്.ജി യെ റാങ്ക് നമ്പർ 400(എ)** ആയി ശ്രീമതി.ഷീജ.എസ്.വിക്കും (റാങ്ക് നമ്പർ 400) ശ്രീമതി.ബീന.ഒ യ്ക്കും (റാങ്ക് നമ്പർ 401) മദ്ധ്യേയും **ശ്രീ. രജീഷ്.എം.ആർ നെ 593(സി)** ആയി ശ്രീമതി.മായ.എസ്സ് നും (റാങ്ക് നമ്പർ 593(ബി)) ശ്രീ.മുഹമ്മദ് ജുനൈദ് ബിസിരിക്കും (റാങ്ക് നമ്പർ 595) മദ്ധ്യേ ഉൾപ്പെടുത്താൻ ഇതിനാൽ താൽക്കാലികമായി തീരുമാനിക്കുന്നു.

ടി തീരുമാനത്തിൽ പരാതിയോ, ആക്ഷേപമോ ഉള്ള ജീവനക്കാർ, അവരുടെ പരാതികൾ ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി തുടങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. സമയബന്ധിതമായി പരാതികൾ ലഭ്യമല്ലാത്തപക്ഷം, ടി തീരുമാനം അന്തിമമാക്കി ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ചീഫ് എഞ്ചിനീയർ
ഭരണവിഭാഗം

പകർപ്പ്

ഐ.റ്റി.സെൽ (ഉദ്യോഗസ്ഥരുടെ അറിവിലേയ്ക്കായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്